**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6373** **10-07-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെന്നും നാളിതുവരെ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | പുനർഗേഹം പദ്ധതി പ്രകാരം, തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനകത്ത് താമസിക്കുന്നവരിൽ സുരക്ഷിത സ്ഥാനത്തേക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിക്കുന്നവരെയാണ് പുനരധിവസിപ്പിക്കുന്നത്.<br><br>കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ആകെ 258 പേരാണ് പുനർഗേഹം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ ഈ ഗുണഭോക്താക്കളിൽ ആകെ 16 പേരാണ് മാറി താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ളത്. ഇതിൽ 6 പേർ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ച് മാറി താമസിച്ചിട്ടുണ്ട്. ബാക്കി 10 ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി അറിയിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ